Secn. 37. 4/1755/2008/50,000. GCPT. © Govt. of Kerala.

**GOVERNMENT OF KERALA**

നം: 35003/ഇൻഫർ.1/09/ധന.

ധനകാര്യ (ഇൻഫർമേഷൻ) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 20/06/2009

പ്രേക്ഷിതൻ

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ.

സ്വീകർത്താവ്

ശ്രീ. എം.കെ. ഹരിദാസ്,
ആശിർവാദ്, ഡോർ നമ്പർ 31/774
ടാഗോർ റോഡ്, വൈറ്റില., പി.ഒ.,
കൊച്ചി - 682 019

സർ,

വിഷയം:- വിവരവകാശ നിയമം -2005 പ്രകാരമുള്ള അപേക്ഷ - മറുപടി സംബന്ധിച്ച്

സൂചന :- 23.05.2009 - ൽ ഈ വകുപ്പിൽ ലഭിച്ച താങ്കളുടെ 19.05.2009 - ലെ അപേക്ഷ.

സൂചനയിൽ താങ്കളാവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ചോദ്യം 1) 2009 മാർച്ച് മാസത്തെ കണക്കനുസരിച്ച് സർക്കാർ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന് സർക്കാർ ഖജനാവിൽ നിന്നും ചിലവാകുന്ന തുകയെത്ര? | 31.03.2009 - ലെ താൽ കാലിക കണക്കു പ്രകാരം 2008- 09 വർഷത്തിൽ സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള ശരാശരി പ്രതിമാസ ചെലവ് 6971319162/- രൂപയാണ് (697.13 കോടി രൂപ) |
| ചോദ്യം 2) 2008 മാർച്ച് മാസത്തെ കണക്കനുസരിച്ച് ഒന്നാം ചോദ്യ പ്രകാരം ചിലവായിരുന്ന തുകയെത്ര? | 2007-08 വർഷത്തിൽ സർക്കാർ ജീവനക്കാർക്ക് പ്രതിമാസ ശമ്പളം. നൽകുന്നതിനുള്ള ശരാശരി ചെലവ് 591.82 കോടി രൂപയായിരുന്നു. |
| ചോദ്യം 3) പ്രതിമാസം സർക്കാരിൽ നിന്നും പെൻഷൻ പറ്റിയ ജീവനക്കാർക്ക് നൽകാൻ സരക്കാർ ഖജനാവിൽ നിന്നും ചിലവാകുന്ന തുകയെത്ര? | പ്രതിമാസ പെൻഷൻ ഇനത്തിൽ 2008-09 ലെ ശരാശരി ചിലവ് 253.11 കോടി രൂപയായിരുന്നു. |
| ചോദ്യം 4) പ്രതിമാസം മുൻ എം.എൽ.എ. മാർക്ക് പെൻഷൻ നൽകാൻ സർക്കാർ ഖജനാവിൽ നിന്നും ചിലവാകുന്ന തുകയെത്രയാണ്? | 2071-01-111-99 നിയമസഭാംഗങ്ങൾക്കുള്ള പെൻഷൻ എന്ന ശീർഷകത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 2009 മാർച്ച് വരെയുള്ള ആകെ ചിലവ് 3.7498 കോടിയാണ്. 2009 മാർച്ച് |

| | |
|---|---|
| | മാസത്തിൽ 36.82 ലക്ഷം രൂപ ചിലവായി. ഈ ഇനത്തിലുള്ള പ്രതിമാസ ആവറേജ് ചിലവ് 31,24 ലക്ഷം രൂപയാണ് |
| ചോദ്യം 5) സ്വാതന്ത്ര്യ സമരസേനാനികൾക്ക് നൽകാൻ പ്രതിമാസം പെൻഷൻ ഇനത്തിൽ സർക്കാരിന് എത്ര തുക ചിലവാകുന്നു? | അക്കൗണ്ടന്റ് ജനറലിന്റെ 2009 മാർച്ച് മാസത്തെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 2235-60-107-99(NP) ശീർഷകത്തിൽ നിന്നും സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള സംസ്ഥാന പെൻഷന് 2008-09 വർഷം 54,52,21,000- രൂപ ചിലവായിട്ടുണ്ട്. |
| ചോദ്യം 6) 2009 ഏപ്രിൽ 30 ന് അവസാനിച്ച ദിവസം വരെ സർക്കാരിന്റെ പൊതുകടം എത്ര രൂപയാണ്? | 2009 ഏപ്രിൽ 30 വരെയുള്ള കണക്കു പ്രകാരം സർക്കാരിന്റെ പൊതുകടം (കടബാധ്യത) 62196.47 കോടി രൂപയാണ്) |
| ചോദ്യം 7) നിലവിൽ സംസ്ഥാന സർക്കാരിന്റെ പ്രതിമാസ നികുതി വരുമാനത്തിന്റെ ആവറേജ് തുകയെത്ര? | നിലവിൽ സംസ്ഥാന സർക്കാരിന്റെ പ്രതിമാസ നികുതി വരുമാനത്തിന്റെ ശരാശരി 1332.49 കോടി രൂപയാണ്. |

വിശ്വസ്തതയോടെ,

ജേക്കബ്ബ് വർഗ്ഗീസ്
ജോയിന്റ് സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ധനകാര്യ വകുപ്പ്

[illegible]

*M.K.HARIDAS*

TO
THE PUBLIC INFORMATION OFFICER
DEPARTMENT OF FINANCE
SECRETTERIATE, TRIVANDRUM

വിഷയം – 2005 ലെ വിവരാവകാശനിയമ പ്രകാരമുള്ള അപേക്ഷ.

സാർ, 2005 ലെ വിവരാവകാശനിയമപ്രകാരം; ഫീസിനത്തിലേക്ക് പത്ത് രൂപയുടെ കോർട്ട് ഫീസ്റ്റാമ്പ് സഹിതം ഈ അപേക്ഷ സമർപ്പിക്കുന്നു. ആവശ്യമായ വിവരങ്ങൾ നൽകുവാൻ ദയവായി അപേക്ഷിക്കുന്നു.

1) 2009 മാർച്ച് മാസത്തെ കണക്കനുസരിച്ച് സർക്കാർ ജീവനക്കാരുടെ പ്രതിമാസ ശമ്പള ഇനത്തിൽ സർക്കാർ ഖജനാവിൽ നിന്നും ചിലവാകുന്ന തുക എത്ര?
2) 2008 മാർച്ച് മാസത്തെ കണക്കനുസരിച്ച് മേൽ ചോദ്യപ്രകാരം ചിലവായിരുന്ന തുക എത്രയായിരുന്നു.
3) പ്രതിമാസം സർക്കാരിൽ നിന്നും പെൻഷൻ പറ്റിയ ജീവനക്കാർക്ക് നൽകാൻ സർക്കാർ ഖജനാവിൽ നിന്നും ചിലവാകുന്ന തുക എത്ര?
4) പ്രതിമാസം എം.പി., എം.എൽ.എ. മാർക്ക് പെൻഷൻ നൽകാൻ സർക്കാർ ഖജനാവിൽ നിന്നും ചിലവാകുന്ന തുക എത്രയാണ്?
5) സ്വാതന്ത്ര്യ സമരസേനാനികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ ഇനത്തിൽ സർക്കാരിന് എത്ര തുക ചിലവാകുന്നു.
6) 2009 ഏപ്രിൽ 30ന് അവസാനിച്ച ദിവസം വരെ സർക്കാരിന്റെ പൊതുകടം എത്ര രൂപയാണ്?
7) നിലവിൽ സംസ്ഥാന സർക്കാരിന്റെ പ്രതിമാസ നികുതി വരുമാനത്തിന്റെ ശരാശരി തുക എത്ര?
8) 2005 മുതൽ 2009 മെയ് 20ന് വരെ സർക്കാർ ജീവനക്കാർ പണിമുടക്കിയ ദിവസം ഉണ്ടോ, ഹർത്താൽ ദിനത്തിൽ ഹാജരാകാതിരുന്നതിന് ഏതെങ്കിലും ദിവസം ഡയസ്നോൺ സർക്കാർ പ്രഖ്യാപിച്ചു. പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം ദിവസം (വർഷം തിരിച്ചുള്ള കണക്ക് നൽകാൻ അപേക്ഷ)

വിശ്വസ്തതയോടെ

(M.K. HARIDAS)

Ashirwad, Door No : 31/774, Tagore Road, Vyttila.P.O, Kochi- 682 019.
Phone: (0484) 2303822/2303824